വൈദ്യുതി ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടം

*14 [61] *ശ്രീ. തോമസ് ചാഴികാടൻ:*
,, *റോഷി അഗസ്റ്റിൻ:*
,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ആരംഭിച്ചതോടുകൂടി പലയിടങ്ങളിലും വൈദ്യുതി ലൈൻ പൊട്ടിവീണ് അപകടം ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആയതിന് എന്തു നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ;

(സി) കാലപ്പഴക്കംമൂലം അപകട സാദ്ധ്യത നേരിടുന്ന സംസ്ഥാനത്തെ മുഴുവൻ വൈദ്യുതി പോസ്റ്റുകളും മാറ്റി സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) വൈദ്യുതി ലൈനിൽനിന്നുമുള്ള അപകടങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വൈദ്യുതി ലൈനിൽതട്ടി മരണം സംഭവിച്ചവരുടെയും പരിക്കേറ്റവരുടേയും കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) ഉണ്ട്.

(ബി) ഇത്തരം പതിനാല് അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അപകടങ്ങളെപ്പറ്റി ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അപകടത്തിൽപ്പെട്ടവർക്ക് ചട്ടങ്ങൾ അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വൈദ്യുതി സുരക്ഷാ നടപടികൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) അപകട സാദ്ധ്യതയുള്ള പോസ്റ്റുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിച്ചു വരുന്നുണ്ട്.

(ഡി) കാലവർഷം തുടങ്ങുന്നതിനു മുൻപായി മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ 'പ്രീ മൺസൂൺ' മെയിന്റനൻസ് ചെയ്തിട്ടുണ്ട്. കേടായ പോസ്റ്റുകൾ മാറ്റുക, ലൈനിന്റെ അടുത്തുള്ള വൃക്ഷശിഖരങ്ങൾ വെട്ടി മാറ്റുക, താഴ്ന്നു കിടക്കുന്ന ലൈനുകൾ ഉയർത്തുക, കേടായ ഇൻസുലേറ്ററുകളും ലൈറ്റനിംഗ് അറസ്റ്ററുകളും മാറ്റുക എന്നീ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വൈദ്യുത സുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകുന്നതിനുള്ള സവിശേഷ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുത അപകടങ്ങളെപ്പറ്റി അവലോകനം നടത്തുന്നതിനായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ചെയർമാനായുള്ള ഒരു സംസ്ഥാനതല കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ തല കമ്മിറ്റികളും നിലവിലുണ്ട്. വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതോടൊപ്പം ബോർഡിലെ ഉദ്യോഗസ്ഥർക്ക് ലൈൻ പട്രോൾ നടത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പഴകിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും ഈ കമ്മിറ്റി നൽകിവരുന്നു.

(ഇ) സംസ്ഥാന വൈദ്യുതി ബോർഡിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി' പ്രകാരം ധനസഹായം നൽകി വരുന്നുണ്ട്.

നെല്ല് സംഭരണം

*15 [62] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

,, എം. കുമാരൻ:

,, പി. നാരായണൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നെല്ലിന്റെ സംഭരണ വിലനിലവാരം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) നടപ്പ് വിളവെടുപ്പുകാലത്ത് സംഭരിച്ച നെല്ലിന്റെ അളവ് എത്ര;

(ഡി) ഓരോ ജില്ലയിൽ നിന്നും വിവിധ ഏജൻസികൾ മുഖേന സംഭരിച്ച നെല്ല് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന ഗവൺമെന്റ് സംഭരിച്ച നെല്ല് എഫ്. സി. ഐ. ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉണ്ടാക്കിയ കരാർ/ ധാരണ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) നെല്ല് സംഭരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും കൃഷി വകുപ്പും തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) കൊയ്ത്തുകാലത്ത് നെല്ലിന്റെ വില ക്രമാതീതമായി കുറയുന്നത് തടയുന്നതിനായി നെല്ലു സംഭരണപദ്ധതി നടപ്പിലാക്കി വരുന്നു. ആലപ്പുഴ കോട്ടയം, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ നിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly